**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം - കൊച്ചി നഗരസഭയിലെ എൽ.ഡി.ക്ളർക്ക് /ബിൽകളക്ടർ ശ്രീ. മുകേഷ് കുമാർ എം- പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 1828/ 2018/ തസ്വഭവ. തീയതി, തിരുവനന്തപുരം, 04.07.2018

പരാമർശം : 1. നഗരകാര്യ ഡയറക്ടറുടെ 20.04.2017 തിയതിയിലെ ഇ 7- 48/ 2017 നമ്പർ കത്ത്.

2. നഗരകാര്യ ഡയറക്ടറുടെ 05.05.2018 തിയതിയിലെ ഇ 7- 48/ 2017 നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ.ഡി.ക്ളർക്ക്/ ബിൽകളക്ടർ തസ്തികയിൽ 28.12.2009 തീയതിയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ. മുകേഷ് കുമാർ എം. ഈ തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ എം.ഒ.പി. ടെസ്റ്റ് വിജയിച്ചത് ജൂലൈ 2013 തീയതിയിലാണ്. ആയതിനാൽ ടെസ്റ്റ് പാസ്സായ തീയതി മുതൽ ടിയാന്റെ പ്രൊബേഷൻ കാലയളവ് കെ.എസ്.&എസ്.എസ്.ആർ ജനറൽ റൂൾ 21 പ്രകാരം ദീർഘിപ്പിച്ച് നൽകണമെന്ന് നഗരകാര്യഡയറക്ടർ പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. 28.12.2009 ൽ എൽ.ഡി.ക്ലാർക്ക്/ബിൽകളക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ. മുകേഷ് കുമാർ എം ഈ തസ്തികയിൽ രണ്ടു വർഷത്തെ ഡ്യൂട്ടി പൂർത്തിയാകുന്നതിന്റെ തൊട്ടടുത്ത ദിവസം മുതൽ ഒരു വർഷത്തേക്ക് (27.12.2012 വരെ) ടിയാളുടെ നിരീക്ഷണകാലം പരാമർശം 2 പ്രകാരം നിയമനാധികാരി (നഗരകാര്യഡയറക്ടർ) ദീർഘിപ്പിച്ച ഉത്തരവായിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുനിസിപ്പൽ കോമൺ സർവ്വീസിൽ കൊച്ചി നഗരസഭയിൽ എൽ.ഡി.ക്ലാർക്ക്/ബിൽകളക്ടർ തസ്തികയിൽ 28.12.2009 ൽ ജോലിയിൽ പ്രവേശിച്ച ശ്രീ. മുകേഷ് കുമാർ എം 30.07.2013 തീയതിയിൽ നടന്ന ടെസ്റ്റിലാണ് ടി തസ്തികയിൽ പ്രൊബേഷൻ ഡിക്ളയർ ചെയ്യുന്നതിനാവശ്യമായ എം.ഒ.പി. പരീക്ഷ വിജയിച്ചത് എന്നതിനാൽ ടിയാളുടെ പ്രൊബേഷൻ 31.07.2013 പൂർവ്വാഹ്നത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി നഗരകാര്യഡയറക്ടർക്ക് പ്രഖ്യാപിക്കുവാൻ സാധിക്കത്തക്ക രീതിയിൽ പ്രൊബേഷൻ

കാലം നിയമനാധികാരി ദീർഘിപ്പിച്ച നൽകിയ തീയതിയുടെ തൊട്ടടുത്ത ദിവസമായ 28.12.2012 മുതൽ 01.08.2013 വരെ, KS&SSRs, Part II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ശ്രീ. മുകേഷ് കുമാർ എം,എൽ.ഡി.ക്ലാർക്ക്/ബിൽ കളക്ടർ , കൊച്ചി നഗരസഭ.
സെക്രട്ടറി, കൊച്ചി നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ